<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2946</u> <u>28-02-2023 - ൽ മറുപടിയ്ക്ക്</u>

<u>വാമനപുരം മണ്ഡലത്തിലെ പ്രദേശങ്ങളിൽ എ.സി. പൈപ്പുകൾക്ക് പകരം ഡി.ഐ. പൈപ്പുകൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിലെ കല്ലറ പഞ്ചായത്തിൽ കൊടിതൂക്കിക്കുന്ന് മുതൽ പാട്ടറ ജംഗ്ഷൻ വരെയും, പാങ്ങോട് പഞ്ചായത്തിൽ ചാമവിള, കൊച്ചാല്ലുംമൂട്, ഭരതന്നൂർ, നെല്ലിക്കുന്ന് തൃക്കോവിൽവട്ടം വരെയുമുള്ള പ്രദേശങ്ങളിലും നിലവിൽ സ്ഥാപിച്ചിട്ടുള്ള എ.സി(ആസ്ബറ്റോസ് സിമന്റ്) പൈപ്പുകൾ മാറ്റി പകരം ഡി.ഐ.(ഡക്റ്റയിൽ അയൺ) പൈപ്പുകൾ സ്ഥാപിക്കുന്നതിനായി കിഫ്ബിയിൽ നിന്ന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) | **വാമനപുരം മണ്ഡലത്തിലെ കല്ലറ പഞ്ചായത്തിൽ കൊടിതൂക്കിക്കുന്ന് മുതൽ പാട്ടറവരെയും, പാങ്ങോട് പഞ്ചായത്തിൽ ചാമവിള, കൊച്ചാല്ലുംമൂട്, ഭരതന്നൂർ, നെല്ലിക്കുന്ന് വരെയും ഉള്ള പ്രദേശങ്ങളിലേയ്ക്ക് 3.42 കോടി രൂപയും പാങ്ങോട് പഞ്ചായത്തിലെ നെല്ലികുന്ന്, തൃക്കോവിൽവട്ടം അയ്യർകുന്ന് എന്നിവിടങ്ങളിലേയ്ക്ക് 1.03 കോടി രൂപയും നിലവിൽ സ്ഥാപിച്ചിട്ടുള്ള എ.സി (ആസ്ബറ്റോസ് സിമന്റ്) പൈപ്പുകൾ മാറ്റി പകരം ഡി.ഐ (ഡക്റ്റയിൽ അയൺ) പൈപ്പുകൾ സ്ഥാപിക്കുന്നതിന് കിഫ്ബിയിൽ നിന്ന് ഫണ്ടിംഗ് അനുമതി നൽകിയിട്ടുണ്ട്.** |
| (ബി) | ഈ പ്രവൃത്തി ഏതു കാരണത്താലാണ് നാളിതുവരെയായി ആരംഭിക്കാത്തത് എന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | **ഈ പ്രവൃത്തിയുടെ ഭരണാനുമതി നൽകിയ സമയത്ത് റോഡ് ടാർ ചെയ്തിട്ടില്ലായിരുന്നു. എന്നാൽ കിഫ്ബിയിൽ നിന്ന് ഫണ്ടിംഗ് അനുമതി നൽകിയപ്പോഴേയ്ക്കും ആ stretch-ൽ റോഡ് ടാർ ചെയ്തിരുന്നു. അതിനാൽ ടാർ കട്ടിംഗ് തുകയും GST വർദ്ധനവും ഉൾപ്പെടുത്തി പുതിയ എസ്റ്റിമേറ്റ് കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. അതിനാലാണ് ഈ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തത്.** |
| (സി) | പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കുമെന്നും ആയത് എന്നേക്ക് പൂർത്തീകരിക്കാനാകുമെന്നതും വിശദമാക്കുമോ? | (സി) | **കിഫ്ബിയിൽ നിന്ന് അനുമതി നൽകുന്ന മുറയ്ക്ക് ദർഘാസ് നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കാവുന്നതാണ്. പ്രവൃത്തി ആരംഭിച്ച് ഒരു വർഷത്തിനകം പൂർത്തികരിക്കാനാണ് ഉദ്ദേശിക്കുന്നത്.** |

സെക്ഷൻ ഓഫീസർ